മഹിളാ കോൺഗ്രസ് ജില്ലാ കമ്മിറ്റിയുടെ ആരോഗ്യ ശുചിത്വ ബോധവൽക്കരണ ക്ലാസ് പൗളിൻ തോമസ് ഉദ്ഘാടനം ചെയ്യുന്നു

ചപ്പാരപ്പടവിൽ വനിതാദിനാചരണം പഞ്ചായത്ത് പ്രസിഡണ്ട് എം.മൈമൂനത്ത് ഉദ്ഘാടനം ചെയ്യുന്നു

നാടെങ്ങും വനിതാ ദിനമാചരിച്ചു

ഏളയാട് കൈരളി വനിതാവേദി സംഘടിപ്പിച്ച 'എല്ലാവരും പാടി' പരിപാടി വി. പ്രശാന്തി ഉദ്ഘാടനം ചെയ്യുന്നു.

സ്റ്റുഡന്റ് പോലീസ് സഹകരണത്തോടെ എക്സൈസ് ആല ക്കോട് ടൗണിൽ സംഘടിപ്പിച്ച ലഹരി വിരുദ്ധ ബോധവൽക്കരണ പരിപാടിയിൽ നിന്ന്

കണ്ണൂർ: മഹിളാ കോൺഗ്രസ് ജില്ലാ കമ്മിറ്റിയുടെ ആഭിമുഖ്യത്തിൽ ഏരുവേശി ചമതച്ചാൽ ട്രൈബൽ കോളനിയിൽ ആരോഗ്യ ശുചിത്വ ബോധവൽക്കരണ ക്ലാസും ശാന്തി ദീപം തെളിയിക്കലും നടന്നു. ഇതിന്റെ ഭാഗമായി ജില്ലാ പ്രസിഡണ്ട് രജനി രമാനന്ദിന്റെ നേതൃത്വത്തിൽ കോളനിയിലെ സ്ത്രീകൾക്കായി സാനിറ്ററി നാപ്കിനുകൾ വിതരണം ചെയ്തു. കണ്ണൂരിൽ കൊലപാതക രാഷ്ട്രീയത്തിന്റെ പേരിൽ ഇനി ഒരമ്മയുടെയും കണ്ണീർ വീഴരുതെന്ന മുദ്രാവാക്യമുയർത്തിയാണ് മെഴുകുതിരികൾ തെളിയിച്ചത്. ഏരുവേശി ഗ്രാമ പഞ്ചായത്ത് വൈസ് പ്രസിഡണ്ട് തോമസ് ഉദ്ഘാടനം ചെയ്തു. മഹിളാ കോൺഗ്രസ് ജില്ലാ പ്രസിഡണ്ട് രജനി രമാനന്ദ് അധ്യക്ഷത വഹിച്ചു. സംസ്ഥാന കമ്മിറ്റിയംഗം ഡെയ്സി സ്കറിയ, ഇ.പി. ശ്യാമള, അത്തായി പത്മിനി, മാർഗരറ്റ് മാത്യു, നസീമ ഖാദർ, കെ.പി. ലിഷ, പുഷ്പ കൊച്ചുപൊങ്ങലാൽ, പി.പി. വൽസല, കുഞ്ഞമ്മ തോമസ്, ദീപ രഞ്ജിത്ത്, മെർലിൻ സോബൻ സംസാരിച്ചു. ആരോഗ്യപ്രവർത്തക സാലി ജോസ് ക്ലാസ് നയിച്ചു.

ആലക്കോട്: അന്താരാഷ്ട്ര വനിതാ ദിനത്തോടനുബന്ധിച്ച് ആലക്കോട് എക്സൈസ് ആഭിമുഖ്യത്തിൽ മദ്യത്തിനും മയക്കുമരുന്നിനുമെതിരെ ബോധവൽക്കരണം സംഘടിപ്പിച്ചു. വനിത എക്സൈസ് ഉദ്യോഗസ്ഥരും, വായാട്ടുപറമ്പ് സെന്റ് ജോസഫ്സ് ഹയർസെക്കണ്ടറി സ്കൂളിലെ വനിത സ്റ്റുഡന്റ് പോലീസ് കേഡറ്റുകളും ചേർന്ന് ആലക്കോട് ടൗണിൽ ലഹരിക്കെതിരെയുള്ള സന്ദേശങ്ങൾ ഉയർത്തിയുള്ള ലഘുലേഖകൾ വിതരണം ചെയ്തുള്ള ബോധവൽക്കരണ പരിപാടിയാണ് സംഘടിപ്പിച്ചത്. ആലക്കോട് എക്സൈസ് ഇൻസ്പെക്ടർ കെ.വി. വാസുദേവൻ ഉദ്ഘാടനം ചെയ്തു. എസ്.പി.സി കോ-ഓർഡിനേറ്റർ ലൈല സെബാസ്റ്റ്യൻ സ്വാഗതം പറഞ്ഞു. വാഹന യാത്രക്കാർ, വ്യാപാരികൾ, ഡ്രൈവർമാർ, കാൽനടയാത്രികർ എന്നിവർക്ക് വനിത ഉദ്യോഗസ്ഥരും, വനിത കേഡറ്റുകളും ചേർന്ന് ലഘുലേഖകൾ വിതരണം ചെയ്തു.

ചപ്പാരപ്പടവ്: ചപ്പാരപ്പടവ് പഞ്ചായത്ത് സാക്ഷരതാമിഷന്റെയും കുടുംബശ്രീയുടെയും സംയുക്താഭിമുഖ്യത്തിൽ ലോക വനിതാ ദിനം ആചരിച്ചു. വൈസ് പ്രസിഡണ്ട് സാലി നടുപ്പറമ്പിലിന്റെ അധ്യക്ഷതയിൽ പ്രസിഡണ്ട് എം.മൈമൂനത്ത് ഉദ്ഘാടനം ചെയ്തു. ലൈല ജോ പട്ടാരത്തിൽ ക്ലാസ് നയിച്ചു. പ്രേരക് പുഷ്പ സ്വാഗതവും കുടുംബശ്രീ ചെയർപേഴ്സൺ അനിത സുരേന്ദ്രൻ നന്ദിയും പറഞ്ഞു.

കണ്ണൂർ: കേരള സ്റ്റേറ്റ് സർവ്വീസ് പെൻഷനേഴ്സ് യൂണിയൻ കണ്ണൂർ കോർപ്പറേഷൻ നോർത്ത് ഡിവിഷന്റെ ആഭിമുഖ്യത്തിൽ മഹിളാദിനാചരണം സംഘടിപ്പിച്ചു. മുൻ ജില്ലാ പഞ്ചായത്ത് പ്രസിഡണ്ട് പ്രൊഫ. കെ.എ. സരള ഉദ്ഘാടനം ചെയ്തു. എം.കെ. വാണി ടീച്ചർ അധ്യക്ഷത വഹിച്ചു. ജില്ലാ സെക്രട്ടറി പി. പ്രഭാകരൻ, കെ. മാലിനി ടീച്ചർ, പി. ഭാരതി ടീച്ചർ, എം.പി. രമാവതി, കെ. കാർത്ത്യായനി സംസാരിച്ചു.

ആലക്കോട്: വനിതാ ദിനത്തോടനുബന്ധിച്ച് തിമിരി ഏളയാട് കൈരളി വനിതാവേദി സംഘടിപ്പിച്ച 'എല്ലാവരും പാടി' പരിപാടി ശ്രദ്ധേയമായി. മൂന്ന് വയസുള്ള ആരാധ്യ മുതൽ 72 കാരി സരോജിനി വരെ പരിപാടിയിൽ പങ്കെടുത്ത് പാട്ടുകൾ പാടി. സംസ്ഥാന സ്കൂൾ കലോത്സവ വിജയി വി. പ്രശാന്തി ഉദ്ഘാടനം ചെയ്തു. എം.എസ്. മിനി ടീച്ചർ അധ്യക്ഷത വഹിച്ചു. കെ. യശോദ സ്വാഗതം പറഞ്ഞു.

കണ്ണൂർ: സ്ത്രീ സമൂഹത്തിന്റെ അനുഭവസാക്ഷ്യങ്ങൾ ചേർത്ത് വെച്ച കൊളാഷ് പ്രദർശനത്തിലൂടെ ജമാഅത്തെ ഇസ്ലാമി വനിതാ വിഭാഗം കണ്ണൂർ ജില്ലാ കമ്മിറ്റി വനിതാ ദിനമാചരിച്ചു. ഡോ. എം.ജി. മല്ലിക ഉദ്ഘാടനം ചെയ്തു. ജില്ലാ പ്രസിഡണ്ട് പി.ടി.പി. സാജിദ അധ്യക്ഷത വഹിച്ചു. ഐ.എം.ടി. പ്രിൻസിപ്പാൾ നാദിറ ജാഫർ, അഡ്വ. പ്രസീത, ബീന കരുണൻ, ആരോഗ്യ സ്റ്റാന്റിംഗ് കമ്മിറ്റി ചെയർപേഴ്സൺ അഡ്വ. പി. ഇന്ദിര, കൗൺസിലർമാരായ പി. ഷംന, എസ്. ഷഹീദ, ഫോർമൽ അസിസ്റ്റന്റ് ഡയറക്ടർ (എൻ.ഐ.എഫ്.ടി) ജസി, കെ.എൻ. സുലൈഖ, സി.സി. ഫാത്തിമ, എം. സൈനബാനു, എം.കെ. ഷരീഫ, നിഷാദ ഇംതിയാസ്, കെ.പി. സീനത്ത്, ടി.പി. സാഹിദ, സി.എൻ. ആമിന, ടി.പി. ഹഫ്സത്ത് നേതൃത്വം നൽകി.

കണ്ണൂർ: സർവ്വദേശീയ വനിതാ ദിനത്തിൽ ജോയിന്റ് കൗൺസിൽ ജില്ലാ വനിത കമ്മിറ്റിയുടെ നേതൃത്വത്തിൽ ഭയരഹിത ഭാരതം സുരക്ഷിത ജീവിതം എന്ന മുദ്രാവാക്യമുയർത്തി വിമൻ അസംബ്ലി കണ്ണൂരിൽ സംഘടിപ്പിച്ചു. മുൻ പി.എസ്.സി. അംഗം വി. ആയിഷ ടീച്ചർ വിമൻ അസംബ്ലി ഉദ്ഘാടനം ചെയ്തു. കെ.വി. സുഷമ അധ്യക്ഷത വഹിച്ചു. വനിതാ കമ്മിറ്റി ജില്ലാ സെക്രട്ടറി റാണി പി.എസ്. സ്വാഗതവും കെ. ലിഷ നന്ദിയും പറഞ്ഞു.

ജമാഅത്തെ ഇസ്ലാമി വനിതാ വിഭാഗത്തിന്റെ കൊളാഷ് പ്രദർശനം ഡോ. എം.ജി. മല്ലിക ഉദ്ഘാടനം ചെയ്യുന്നു

കേരള മുസ്ലിം ജമാഅത്ത് സോൺ വാർഷിക കൗൺസിലുകൾ പി.കെ. അലി കുഞ്ഞി ദാരിമി ഉദ്ഘാടനം ചെയ്യുന്നു.

മുസ്ലിം ജമാഅത്ത് സോൺ വാർഷിക കൗൺസിലുകൾക്ക് തുടക്കമായി

തളിപ്പറമ്പ: കേരള മുസ്ലിം ജമാഅത്ത് സോൺ വാർഷിക കൗൺസിലുകൾക്ക് തളിപ്പറമ്പിൽ തുടക്കമായി. എസ്.വൈ.എസ്. മേഖല സെന്ററിൽ സമസ്ത ജില്ലാ ജനറൽ സെക്രട്ടറി പി. അബ്ദുൾ ഹകീം സഅദിയുടെ അധ്യക്ഷതയിൽ ജില്ലാ ഉപാദ്ധ്യക്ഷൻ പി.കെ. അലി കുഞ്ഞി ദാരിമി ഉദ്ഘാടനം ചെയ്തു. സംസ്ഥാന ഉപാധ്യക്ഷൻ പട്ടുവം കെ.പി. അബൂബക്കർ മൗലവി മുഖ്യപ്രഭാഷണം നടത്തി. ജില്ലാ സെക്രട്ടറി ഹനീഫ് പ്രഭാഷണം നടത്തി. കൗൺസിൽ കൺട്രോളർ കെ. യൂസുഫ് ഹാജി കൗൺസിൽ നിയന്ത്രിച്ചു. എം.വി. അബ്ദു റഹ്മാൻ ബാഖവി, പി.കെ. ഉമർ മുസ്ലിയാർ, എം. അബ്ദുറഹ്മാൻ മാസ്റ്റർ, കെ.കെ.പി. കുഞ്ഞബ്ദുല്ല മാസ്റ്റർ, സി.എം. ഇബ്രാഹിം മൗലവി, എം. മഹമൂദ് സഖാഫി സംസാരിച്ചു.

സമൂഹ മാധ്യമങ്ങൾ വഴി പെൺകുട്ടികളെ അപമാനിക്കുന്ന സംഘത്തിനെതിരെ പോലീസ് അന്വേഷണം തുടങ്ങി

ആലക്കോട്: ഫേസ്ബുക്ക്, വാട്സ് ആപ്പ് തുടങ്ങിയ സമൂഹ മാധ്യമങ്ങൾ വഴി സ്കൂൾ വിദ്യാർത്ഥിനികൾ ഉൾപ്പെടെയുള്ള പെൺകുട്ടികളെ അപമാനിക്കുന്ന സംഘത്തിനെതിരെ പോലീസ് അന്വേഷണം തുടങ്ങി. മലയോര മേഖല കേന്ദ്രീകരിച്ചുള്ള യുവാക്കൾ അടങ്ങുന്ന സംഘത്തിനെതിരെയാണ് ആലക്കോട് സി.ഐ ഇ.പി.സുരേശന്റെ നേതൃത്വത്തിൽ അന്വേഷണം ആരംഭിച്ചത്. അടുത്ത കാലത്തായി സമൂഹ മാധ്യമങ്ങൾ വഴി പെൺകുട്ടികളെ അപകീർത്തിപ്പെടുത്തുന്ന വിധത്തിലുള്ള പോസ്റ്റുകൾ വ്യാപകമാകുന്നതായി നിരവധി പരാതികൾ പോലീസിന് ലഭിച്ചിരുന്നു. പെൺകുട്ടികളുടെ മൊബൈൽ ഫോൺ നമ്പറുകൾ പലവിധത്തിലായി സംഘടിപ്പിച്ച് ചൂഷണങ്ങൾക്ക് വിധേയമാക്കുന്നതായാണ് പോലീസിന് ലഭിച്ചിരിക്കുന്ന വിവരം. സംഘത്തിലുൾപ്പെട്ടവരെക്കുറിച്ച് പോലീസ് വിശദമായ അന്വേഷണം നടത്തിവരികയാണ്.

കൊയ്ത്തുത്സവം നടത്തി

കാനൂൽ: ഉടുപ്പവയലിൽ പാടശേഖര സമിതിയുടെയും കർഷക സംഘത്തിന്റെയും സഹകരണത്തോടെ നിറ സ്വാശ്രയ സംഘം ഉടുപ്പവയലിൽ നടത്തിയ രണ്ടാം വിള നെൽകൃഷിയുടെ വിളവെടുപ്പ് ഉത്സവം കർഷക തൊഴിലാളി യൂനിയൻ സംസ്ഥാന സെക്രട്ടറി എം.വി. ഗോവിന്ദൻ മാസ്റ്റർ ഉദ്ഘാടനം ചെയ്തു. മോറാഴ കല്ല്യാശ്ശേരി സഹകരണ ബാങ്ക് പ്രസിഡണ്ട് കെ. ദാമോദരൻ മാസ്റ്റർ അധ്യക്ഷത വഹിച്ചു. സി.പി.എം ജില്ലാ കമ്മിറ്റി അംഗം കെ. സന്തോഷ്, കെ.പി. നന്ദനൻ, എം. പ്രീത, കെ. സത്യൻ, കെ. പ്രകാശൻ, കെ. രതീഷ് സംസാരിച്ചു. കെ. ബാലകൃഷ്ണൻ സ്വാഗതവും പ്രസിഡണ്ട് പി.പി. പാർത്ഥരാജൻ നന്ദിയും പറഞ്ഞു.

ശ്രീകണ്ഠപുരം: തളിപ്പറമ്പ എം.എൽ.എ ജെയിംസ് മാത്യുവിന്റെ സുസ്ഥിര വികസന പദ്ധതി 'സമൃദ്ധ-2017'ന്റെ ഭാഗമായി ചൂളിയാട് നവോദയ ഗ്രന്ഥാലയത്തിന്റെ നേതൃത്വത്തിൽ നാലേക്കറോളം തരിശ് നിലത്ത് നടത്തിയ ജൈവ നെൽകൃഷിയുടെ കൊയ്ത്തുത്സവം നടത്തി. ഇരിക്കൂർ ബ്ലോക്ക് പഞ്ചായത്ത് വികസന കാര്യ സ്റ്റാന്റിംഗ് കമ്മിറ്റി ചെയർപേഴ്സൺ സി. ശൈലജ ഉദ്ഘാടനം ചെയ്തു. ഇ. ജനാർദനൻ അധ്യക്ഷത വഹിച്ചു. പി.പി. ബാലകൃഷ്ണൻ, കെ. മനോജൻ, ഒ. ഷിനോജ്, പി.പി. ലക്ഷ്മണൻ, വി.കെ. അനിരുദ്ധൻ എന്നിവർ സംസാരിച്ചു.

ശാസ്ത്രാധ്യാപകർക്ക് യാത്രയയപ്പ് നൽകി

ശ്രീകണ്ഠപുരം: ഇരിക്കൂർ ഉപജില്ലയിൽ നിന്ന് വിരമിക്കുന്ന ശാസ്ത്ര അധ്യാപകരായ പി.കെ. ബാലകൃഷ്ണൻ, കെ. കെ. രാമകൃഷ്ണൻ, ഉഷാദേവി എന്നിവർക്ക് സയൻസ് ക്ലബ് അസോസിയേഷന്റെ നേതൃത്വത്തിൽ യാത്രയയപ്പ് നൽകി. ശാസ്ത്രമേള വിജയികളെ അനുമോദിച്ചു. എ.ഇ.ഒ.പി.പി. ശ്രീജ ഉദ്ഘാടനം ചെയ്തു. ബി.പി.ഒ. ടി.വി. പവിത്രൻ അധ്യക്ഷത വഹിച്ചു. ദിനേഷ് കുമാർ തെക്കുമ്പാട്, കെ.കെ.രവി, ടി.വി. ഹരീന്ദ്രനാഥ് തുടങ്ങിയവർ സംസാരിച്ചു.

ഫാർമസിസ്റ്റ് ഒഴിവ്

ശ്രീകണ്ഠപുരം: ഏരുവേശി പ്രാഥമിക ആരോഗ്യ കേന്ദ്രത്തിലേക്ക് താൽക്കാലിക ഫാർമസിസ്റ്റ് ഒഴിവുണ്ട്. അഭിമുഖം 13ന് രാവിലെ 11 മണിക്ക് പ്രാഥമിക ആരോഗ്യ കേന്ദ്രം ഓഫീസിൽ. ഫോൺ: 0460 2292239.

ലാപ്ടോപ്പ് വിതരണം ചെയ്തു

പരിയാരം: പരിയാരം ഗ്രാമപഞ്ചായത്ത് 2017-18 വാർഷിക പദ്ധതിയിൽ ഉൾപ്പെടുത്തി എസ്.സി. വിദ്യാർത്ഥികൾക്ക് ലാപ്ടോപ്പ് വിതരണം ചെയ്തു. കുറ്റേരി ഗവ. ഹൈസ്കൂളിൽ നടന്ന ചടങ്ങ് പ്രസിഡണ്ട് എ. രാജേഷ് ഉദ്ഘാടനം ചെയ്തു. കെ.വി. ശോഭന അധ്യക്ഷത വഹിച്ചു. കെ.വി. രമ, സി. ജീജ, പി. രഞ്ജിത്ത്, എം.ടി. മനോഹരൻ, ടി. ഷീബ, പി.പി. രഘു, പി.വി. ഗോപാലൻ, എം. ചന്ദ്രൻ, സി. ബാലകൃഷ്ണൻ സംസാരിച്ചു. വി. രാജീവൻ സ്വാഗതവും ടി.പി. സുനിത നന്ദിയും പറഞ്ഞു.

സ്വാഗതസംഘം രൂപീകരിച്ചു

രാമന്തളി: മൾട്ടി പൾപ്പസ് സ്റ്റേഡിയ സമുച്ചയത്തിന്റെ പ്രവൃത്തി ഉദ്ഘാടനത്തിനായി രാമന്തളി സ്പോർട്സ് ഡവലപ്പ്മെന്റ് ആന്റ് റിസർച്ച് അക്കാദമിയുടെ ആഭിമുഖ്യത്തിൽ സ്വാഗതസംഘത്തിന് രൂപം നൽകി. ട്രസ്റ്റ് ചെയർമാൻ ഉസ്മാൻ കരപ്പാത്ത് അധ്യക്ഷത വഹിച്ചു. ജനറൽ കൺവീനർ പി.കെ. ഷബീർ സ്വാഗതം പറഞ്ഞു. വാർഡ് മെമ്പർ സി. ജയരാജൻ, പി.എം. ലത്തീഫ്, സി. ചന്ദ്രൻ, കക്കുളത്ത് അബ്ദുൾഖാദർ, എം. പ്രകാശൻ, സി. മധു, ജലീൽ രാമന്തളി, പി.കെ. അബ്ദുല്ലത്തീഫ്, ഹാജി സുലൈമാൻ സംസാരിച്ചു. 30ന് എം.എൽ.എ സി. കൃഷ്ണൻ പ്രവർത്തി ഉദ്ഘാടനം നിർവഹിക്കും.

പ്രസംഗ പരിശീലന ക്ലാസ് ഇന്ന് മുതൽ

ആലക്കോട്: ആലക്കോട് റോയൽ ജെ.സി.ഐ ആഭിമുഖ്യത്തിൽ സംഘടിപ്പിക്കുന്ന പ്രസംഗ പരിശീലന ക്ലാസ് ഇന്ന് മുതൽ ജേസി ഭവനിൽ നടക്കും. ജയ്സൺ മുകളേൽ ക്ലാസ് നയിക്കും.

വിജയഗിരി സ്കൂൾ വാർഷികം

ആലക്കോട്: കാപ്പിമല വിജയഗിരി ഗവ. യു.പി സ്കൂൾ വാർഷികാഘോഷം പി.ടി.എ പ്രസിഡണ്ട് വി.വി. ജോസഫിന്റെ അധ്യക്ഷതയിൽ പഞ്ചായത്ത് മെമ്പർ ജോസ് അള്ളും പുറം ഉദ്ഘാടനം ചെയ്തു. ബ്ലോക്ക് പഞ്ചായത്ത് മെമ്പർ ജെസി ഷിജി, ഫാ. സ്കറിയ പൂവത്താനിക്കുന്നേൽ, രാകേഷ് പേരാവൂർ, കെ. റോജി, സീന ജോസഫ്, സിബിൻ ബേബി, പി.എസ്. ശയന, റോഷൻ ബിനോയി, സൽമ്മ തോമസ്, എം.ജെ. ജിജി, ആർ. ബൈന ഡിക്ട് പ്രസംഗിച്ചു.

നിറ സ്വാശ്രയ സംഘം ഉടുപ്പവയലിൽ നടത്തിയ കൊയ്ത്തുത്സവം

മോദി ഭരണത്തിൽ തൊഴിലാളികൾ നിലനിൽപിനായി പൊരുതുന്നുവെന്ന്

കണ്ണൂർ: മോദി ഭരണത്തിൽ തൊഴിലാളികൾ നിലനിൽപ്പിനായി പൊരുതുകയാണെന്ന് കെ.പി.സി.സി ജനറൽ സെക്രട്ടറി പി. രാമകൃഷ്ണൻ പറഞ്ഞു. അഖിലേന്ത്യാ അസംഘടിത തൊഴിലാളി കോൺഗ്രസ് ജില്ലാ പ്രസിഡണ്ട് നൗഷാദ് ബ്ലാത്തൂരിന്റെ സ്ഥാനാരോഹണവും സംസ്ഥാന ഭാരവാഹികളുടെ സ്വീകരണവും ഉദ്ഘാടനം ചെയ്ത് സംസരിക്കുയായിരുന്നു അദ്ദേഹം. മുൻ മന്ത്രി കെ.സി ജോസഫ് എം.എൽ.എ ആമുഖ പ്രഭാഷണം നത്തും. സമരപ്രഖ്യാപന കൺവെൻഷന്റെ ഉദ്ഘാടനം കെ.പി.സി.സി ജനറൽ സെക്രട്ടറി അഡ്വ. സജീവ് ജോസഫ്, സജീവ് മാറോളി, സുരേഷ് ബാബു എളയാവൂർ, രാജീവൻ എളയാവൂർ, പി.ജെ. ആന്റണി, കെ.സി. ഗണേശൻ, എം.ഒ. മാധവൻ മാസ്റ്റർ, ജോഷി കണ്ടത്തിൽ, ഐബിൻ ജേക്കബ്, കെ. കമൽജിത്ത്, പി.എ. ഹരി, അഡ്വ. ലിഷ ദീപക്, സി.ടി. അഭിജിത്ത്, മായാൻ വേങ്ങാട്, എം.എൻ. പൂമംഗലം, മുഹമ്മദ് അസാഹിദ് സംസാരിച്ചു.

തൊഴിലാളി കോൺഗ്രസ് ജില്ലാ പ്രസിഡണ്ട് നൗഷാദ് ബ്ലാത്തൂരിന്റെ സ്ഥാനാരോഹണ ചടങ്ങിൽ നിന്ന്

ചെങ്ങളായി മുങ്ങം - തവറൂൽ റോഡ് പണി ഉടൻ പൂർത്തിയാക്കണം

ശ്രീകണ്ഠപുരം: ചെങ്ങളായി മുങ്ങം- തവറൂൽ റോഡ് പണി പൂർത്തീകരിച്ച് ഗതാഗതയോഗ്യമാക്കണമെന്ന് ചെങ്ങളായി പഞ്ചായത്ത് ഐ.എൻ.എൽ കൺവെൻഷൻ അധികാരികളോട് ആവശ്യപ്പെട്ടു. ജില്ലാ പഞ്ചായത്ത് ഫണ്ട് ഉപയോഗിച്ച് തുടങ്ങിയ പണി പാതി നിലയിൽ നിർത്തിയിരിക്കുകയാണ്. പൊടിപടലം കാരണം വാഹനങ്ങൾക്കും യാത്രക്കാർക്കും സഞ്ചരിക്കാൻ പറ്റാത്ത സ്ഥിതിയാണ് നിലവിലുള്ളതെന്നും മഴക്കാലത്തിന് മുമ്പ് പണി പൂർത്തീകരിച്ചില്ലെങ്കിൽ വൻ ദുരിതമാണുണ്ടാവുകയെന്നും യോഗം ചൂണ്ടിക്കാട്ടി. ഐ.എൻ.എൽ. ഇരിക്കൂർ മണ്ഡലം ജനറൽ സെക്രട്ടറി എസ്.പി. ബഷീർ യോഗം ഉദ്ഘാടനം ചെയ്തു. കെ.പി. മുഹമ്മദ്, കെ.പി. അഷ്റഫ്, കെ.പി. ഹമീദ്, അബ്ദുള്ള, കെ.പി. നാസർ എന്നിവർ സംസാരിച്ചു. ഭാരവാഹികളായി കെ.പി. മുഹമ്മദ് (പ്രസിഡണ്ട്), കെ.പി. അബ്ദുള്ള (വൈസ് പ്രസിഡണ്ട്), കെ.പി. അഷ്റഫ് (ജനറൽ സെക്രട്ടറി), എൻ.പി. ഇബ്രാഹിം മണക്കാട് (ജോയിന്റ് സെക്രട്ടറി), കെ.പി. നാസർ (ട്രഷറർ).

മഹിളാ കോൺഗ്രസ് ജില്ലാ നേതൃയോഗം ലതികാ സുഭാഷ് ഉദ്ഘാടനം ചെയ്യുന്നു

കൊലപാതക രാഷ്ട്രീയത്തെ ചെറുക്കാൻ പ്രതിരോധ സമരത്തിന് മഹിളാ കോൺഗ്രസ് രംഗത്തിറങ്ങുമെന്ന്

കണ്ണൂർ: സാമൂഹ്യ മനസാക്ഷിയെ ഞെട്ടിച്ച് കൊണ്ട് ക്രൂരമായ രാഷ്ട്രീയ കൊലപാതകങ്ങൾ നടക്കുമ്പോൾ ഇത്തരം സംഭവ വികാസങ്ങൾക്കെതിരെ മഹിളകളെ അണിനിരത്തി പ്രതിരോധ സമരത്തിന് മഹിളാ കോൺഗ്രസ് രംഗത്തിറങ്ങുമെന്ന് സംസ്ഥാന പ്രസിഡണ്ട് ലതികാ സുഭാഷ് പറഞ്ഞു. മഹിളാ കോൺഗ്രസ് ജില്ലാ നേതൃയോഗം ഡി.സി.സി ഓഫീസിൽ ഉദ്ഘാടനം ചെയ്ത് സംസാരിക്കുകയായിരുന്നു അവർ. അക്രമത്തിന് നേതൃത്വം കൊടുക്കുന്ന രാഷ്ട്രീയ പാർട്ടികളെയും സംഘടനകളെയും ബഹിഷ്കരിക്കാൻ വനിതകൾ മുന്നോട്ട് വരണമെന്നും അവർ ആവശ്യപ്പെട്ടു. സ്ത്രീ ശാക്തീകരണ പുരസ്കാരത്തിന് അർഹയായ മഹിളാ കോൺഗ്രസ് സംസ്ഥാന സെക്രട്ടറി ഡോ. കെ.വി. ഫിലോമിനയെ അനുമോദിച്ചു. ചടങ്ങിൽ ജില്ലാ പ്രസിഡണ്ട് രജനി രമാനന്ദ് അധ്യക്ഷത വഹിച്ചു. ഡി.സി.സി. പ്രസിഡണ്ട് സതീശൻ പാച്ചേനി , സുമാ ബാലകൃഷ്ണൻ, രജിത നാറാത്ത്, തങ്കമ്മ വേലായുധൻ, ഡോ. കെ.വി. ഫിലോമിന, ലിസി തോമസ്, സി.ടി. ഗിരിജ, ഡെയ്സി സ്കറിയ, പ്രൊഫ. വി. ഇന്ദിര, കെ.പി. വസന്ത, അത്തായി പത്മിനി, ഇ.പി. ശ്യാമള, പി.കെ. സരസ്വതി, കെ. ഉഷാകുമാരി, മറിയാമ്മ വർഗീസ്, ടി.പി. വല്ലി സംസാരിച്ചു.

എസ്.എഫ്.ഐ പ്രവർത്തകരെ അക്രമിച്ചതിൽ പ്രതിഷേധിച്ച് സി.പി.എം പ്രവർത്തകർ തളിപ്പറമ്പിൽ നടത്തിയ പ്രതിഷേധ പ്രകടനം

സി.പി.എം പ്രതിഷേധ പ്രകടനം നടത്തി

തളിപ്പറമ്പ: തൃച്ചംബരം ക്ഷേത്രോത്സവം കണ്ട് മടങ്ങിയ എസ്.എഫ്.ഐ പ്രവർത്തകരെ ആർ.എസ്.എസുകാർ വധിക്കാൻ ശ്രമിച്ചതിൽ പ്രതിഷേധിച്ച് സി.പി.എം ടൗണിൽ പ്രകടനം നടത്തി. തളിപ്പറമ്പ് സൗത്ത്, നോർത്ത് ലോക്കലുകളുടെ ആഭിമുഖ്യത്തിലായിരുന്നു പ്രകടനം. ബസ്സ്റ്റാന്റിൽ ചേർന്ന പ്രതിഷേധ യോഗത്തിൽ കെ.മുരളീധരൻ, പി.ബാലകൃഷ്ണൻ, കെ. കാർത്തിക്, പുല്ലായിക്കൊടി ചന്ദ്രൻ പ്രസംഗിച്ചു.

ഷുഹൈബ് പ്രതിഷേധ രാവ് ഇന്ന്

തളിപ്പറമ്പ: യൂത്ത് കോൺഗ്രസ് തളിപ്പറമ്പ് അസംബ്ലി കമ്മിറ്റിയുടെ ഷുഹൈബ് പ്രതിഷേധ രാവ് ഇന്ന് വൈകീട്ട് ആറ് മണിക്ക് പരിയാരം ചിതപ്പിലെപൊയിലിൽ നടക്കും.

ക്വാറി വിരുദ്ധ പൊതുയോഗം ഇന്ന്

കുടിയാന്മല: പുലിക്കുരുമ്പക്കടുത്ത പരിസ്ഥിതി ദുർബലവും ചെങ്കുത്തായതും പലതവണ മലയിടിച്ചിലും ഉരുൾപൊട്ടലും വൻ നാശനഷ്ടങ്ങളുമുണ്ടായിട്ടുള്ള പുല്ലൻവനത്ത് വൻകിട കാറിയും ക്രഷറും തുടങ്ങുന്നതിനെതിരെ ജനകീയ കർഷക സമിതിയുടെ വിശദീകരണ യോഗം ഇന്ന് വൈകുന്നേരം അഞ്ചിന് പുലിക്കുരുമ്പ ടൗണിൽ നടക്കും. പുലിക്കുരുമ്പ പള്ളി വികാരി ഫാ. നോബിൾ ഓണാംകുളം അധ്യക്ഷത വഹിക്കും. കെ.സുനിൽകുമാർ, നോബിൾ പൈകട, സുരേഷ് കീഴാറ്റൂർ പ്രസംഗിക്കും. ബെന്നി മുട്ടത്തിൽ സ്വാഗതവും കെ.വി.ചന്ദ്രശേഖരൻ നന്ദിയും പറയും.

അർച്ചന മാരേജ് ബ്യൂറോ
കരുവഞ്ചാൽ - വെള്ളരിക്കുണ്ട്
കൊഴുമ്മേൽ കുഞ്ഞികൃഷ്ണൻ നമ്പ്യാർ
Ph: 9744674290, 9447647890
വിദേശത്ത് ജോലിയുള്ളവർക്കും, വിദ്യാഭ്യാസ യോഗ്യതയുള്ളവർക്കും മുൻഗണന

മുട്ടയിടാറായ കരിങ്കോഴികൾ വിൽപ്നക്ക്
Mob: 9495145429

വീട് വിൽപ്നക്ക്
വെള്ളാരംപാറയിൽ മെയിൻറോഡിന് 500 മീറ്റർ മാത്രം മാറി എല്ലാവിധ സൗകര്യങ്ങളുമുള്ള 3000 സ്ക്വയർ ഫീറ്റിൽ അഞ്ച് ബെഡ്റൂമുകളോടുകൂടിയ വീട് വിൽപ്നക്ക്. ബ്രോക്കർമാർ ബന്ധപ്പെടേണ്ടതില്ല.
9995718197

വീട് വിൽപ്നക്ക്
മലയോര മേഖലയുടെ സിരാകേന്ദ്രമായ കരുവഞ്ചാൽ ടൗണിന് സമീപം പ്രകൃതി രമണീയമായ മീൻപറ്റിയിൽ മെയിൻ റോഡിൽ നിന്ന് 500 മീറ്റർ മാത്രം മാറി എല്ലാവിധ സൗകര്യങ്ങളുമുള്ള വീട് വിൽപ്നക്ക്. ബന്ധപ്പെടുക.
9895143394
9495119966